# Malayala Manorama
# 28 August 2018
# Kakkanad, After Flood, Pumps, Cooking Gas



## മുങ്ങില്ല, പമ്പുകളും പാചകവാതകവും

കാക്കനാട് ● പ്രളയത്തിൽ മുങ്ങി ജില്ലയിലെ 58 പെട്രോൾ പമ്പുകൾക്കു കേടുപാടു സംഭവിച്ചു. എച്ച്പിസിയുടെ 33 പമ്പുകൾക്കും ഐഒസിയുടെ 16 പമ്പുകൾക്കും ബിപിസിയുടെ ഒൻപതു പമ്പുകൾക്കുമാണു നഷ്ടമുണ്ടായത്. 47 പാചക വാതക വിതരണ ഗോഡൗണുകളും വെള്ളത്തിൽ മുങ്ങി.

ഐഒസി - 27, ബിപിസി - 14, എച്ച്പിസി - ആറ്. ബിപിസിഎൽ കൊച്ചി റിഫൈനറിയിലേക്കു വ്യവസായിക ആവശ്യത്തിനു വെള്ളമെത്തിക്കാനുള്ള ആലുവയിലെ പമ്പിങ് സ്റ്റേഷനും മുങ്ങിപ്പോയിരുന്നു.

ഇതൊന്നും പൊതുജനങ്ങളെ ബാധിക്കാതിരിക്കാൻ പെട്രോളിയം, സ്ഫോടകവസ്തു സുരക്ഷ ഓർഗനൈസേഷന്റെ (പെസോ) നേതൃത്വത്തിൽ അടിയന്തര പരിഹാര നടപടികൾ കൈക്കൊണ്ടതായി എക്സ്പ്ലോസീവ്സ് ഡപ്യൂട്ടി ചീഫ് കൺട്രോളർ ഡോ. ആർ. വേണുഗോപാൽ പറഞ്ഞു.

പാചക വാതക വിതരണം പ്രതിസന്ധിയിലാകാതിരിക്കാൻ നടപടിക്രമങ്ങൾ ലഘൂകരിച്ചു.

മഴ കനത്തതോടെ കഴിഞ്ഞ 14നു തന്നെ പെസോ സുരക്ഷാ നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. കാക്കനാട് കേന്ദ്രീയ ഭവനിലാണു പെസോയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്.